A2/53/2025-CLAD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - ഗുരു ഗോപിനാഥ് നടന ഗ്രാമത്തിന് 2025-26 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള പദ്ധതിയേതര വിഹിതത്തിൽ നിന്നും ഏഴാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.736/2025/CLAD തീയതി,തിരുവനന്തപുരം, 22-12-2025

---

പരാമർശം:-

1. 04.01.2021 തീയതിയിലെ 01/2021/ധന. നമ്പർ സർക്കുലർ.
2. സ.ഉ.(സാധാ)നം.244/2025/സാം.കാ.വ. തീയതി, 03.05.2025
3. സ.ഉ.(സാധാ)നം.344/2025/സാം.കാ.വ. തീയതി, 19.06.2025
4. സ.ഉ.(സാധാ)നം.432/2025/സാം.കാ.വ. തീയതി, 30.07.2025
5. സ.ഉ.(സാധാ)നം.496/2025/സാം.കാ.വ. തീയതി, 29.08.2025
6. സ.ഉ.(സാധാ)നം.570/2025/സാം.കാ.വ. തീയതി, 07.10.2025
7. സ.ഉ.(സാധാ)നം.680/2025/സാം.കാ.വ. തീയതി, 13.11.2025
8. ഗുരു ഗോപിനാഥ് നടന ഗ്രാമം സെക്രട്ടറിയുടെ 03.12.2025 തീയതിയിലെ 76/ജിജിഎൻജി/2025 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരത്തെ ഗുരു ഗോപിനാഥ് നടനഗ്രാമത്തിന് 2025-26 സാമ്പത്തിക വർഷം പദ്ധതിയേതര വിഹിതമായി 50,00,000/- രൂപ (അമ്പത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും പരാമർശം (2) മുതൽ (7) വരെയുള്ള ഉത്തരവുകൾ പ്രകാരം ആറ് ഗഡുക്കളായി 34,00,000/- (മുപ്പത്തിനാല് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പരാമർശം (8) കത്ത് പ്രകാരം ഏഴാം ഗഡു അനുവദിക്കുന്നതിന് സ്ഥാപന സെക്രട്ടറി അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരത്തെ ഗുരു ഗോപിനാഥ് നടന ഗ്രാമത്തിന് 2025-26 സാമ്പത്തിക വർഷം 2205-00-102-76-36 (നോൺ പ്ലാൻ) എന്ന പദ്ധതിയേതര ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) ഏഴാം ഗഡുവായി അനുവദിച്ച് ഉത്തരവാകുന്നു.

3. പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധനകൾ പ്രകാരം ഗുരു ഗോപിനാഥ് നടന ഗ്രാമത്തിന്റെ വെള്ളയമ്പലം സബ് ട്രഷറിയിലുള്ള 799011400000152 എന്ന STSB അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന്

മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, ഗുരു ഗോപിനാഥ് നടനഗ്രാമം, വട്ടിയൂർക്കാവ്, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം, ഫോർട്ട്, ഫോർട്ട് പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (E 3129989/EDN-D1/56/2025-FIN dated 19.12.2025)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
Date: 22-12-2025 17:19:48

സെക്ഷൻ ഓഫീസർ